# പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.236 19.06.2013-ൽ മറുപടിക്ക്**

## ഗ്രാമീണ മേഖലയിൽ ഡോക്ടർമാരുടെ അഭാവം

**ചോദ്യം**

**ശ്രീ. പി.ശ്രീരാമകൃഷ്ണൻ**

**,, ഇ.പി.ജയരാജൻ**

**,, കെ.കുഞ്ഞമ്മത് മാസ്റ്റർ**

**മറുപടി**

**ശ്രീ.വി.എസ്.ശിവകുമാർ**

(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) ഗ്രാമപ്രദേശങ്ങളിലുള്ള സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും ഒഴിവുകൾ നികത്തപ്പെടാതെ കിടക്കുന്നത് പകർച്ച വ്യാധികളുടെ വ്യാപനം തടയുന്നതിന് പ്രതിബന്ധമായിരിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(എ) ഇല്ല. ഗ്രാമപ്രദേശങ്ങളിലുള്ള ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരെയും മറ്റ് അനുബന്ധ ഉദ്യോഗസ്ഥരെയും നിയമിച്ചിട്ടുണ്ട്. ഡോക്ടർമാരുടെ ഒഴിവുകൾ പി.എസ്.സി വഴി നികത്തിയതു കൂടാതെ എൻ.ആർ.എച്ച്.എം വഴിയും ഡോക്ടർമാരെയും മറ്റ് അനുബന്ധ സ്റ്റാഫിനേയും നിയമിച്ചിട്ടുണ്ട്. പകർച്ച വ്യാധി നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി കൊതുകിന്റെ ഉറവിട നശീകരണം, കൊതുക്, കൂത്താടി നിയന്ത്രണ പ്രവർത്തനങ്ങളായ സ്പ്രേയിംഗ്, ഫോഗിംഗ് തുടങ്ങിയവ ഗ്രാമപ്രദേശങ്ങളിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളും വഴി ഏകോപിപ്പിച്ച് നടത്തിവരുന്നു. ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

(ബി) എങ്കിൽ ഒഴിവുകൾ അടിയന്തരമായി നികത്താൻ നടപടി സ്വീകരിക്കുമോ;

(ബി) പി.എസ്.സി യുടെ നിയമന നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ആരോഗ്യ വകുപ്പിൽ നിന്നും നിയമന ഉത്തരവ് നൽകി ഒഴിവുകൾ നികത്തി വരുന്നു. കൂടാതെ എൻ.ആർ.എച്ച്.എം മുഖേനെയും അഡ്ഹോക് വ്യവസ്ഥയിലും ഡോക്ടർമാരെയും മറ്റ് സ്റ്റാഫുകളേയും നിയമിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്പെഷ്യാലിറ്റി കേഡറിലുള്ള ഒഴിവുകൾ സർവ്വീസിൽ പി.ജി ബിരുദമുള്ളവരിൽ നിന്നും

ഓപ്ഷൻ സ്വീകരിച്ച് നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സിവിൽ സർജൻമാരുടെയും സ്പെഷ്യാലിറ്റി കേഡറിലെ ഡോക്ടർമാരുടെയും ഒഴിവുകൾ പ്രമോഷൻ മുഖേന നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

സി) ഗ്രാമീണ സേവനം നിർബന്ധമാക്കിക്കൊണ്ടുള്ള മുൻ സർക്കാരിന്റെ ഉത്തരവ് വീണ്ടും പ്രാബല്യത്തിലാക്കുമോ; ഇല്ലെങ്കിൽ ഗ്രാമീണ മേഖലയിൽ ഡോക്ടർ മാരുടെ സേവനം ഉറപ്പു വരുത്താൻ എന്ത് ബദൽ പരിപാടിയാണ് പ്രാവർത്തികമാക്കാനുദ്ദേശിക്കുന്നത്?

(സി) നിർബന്ധിത ഗ്രാമീണ സേവനം (compulsory rural service) എന്ന സ്കീം ഈ സർക്കാർ സന്നദ്ധ ഗ്രാമീണ സേവനം (voluntary rural service) എന്ന സ്കീമായി മാറ്റുകയുണ്ടായി. സന്നദ്ധ ഗ്രാമീണ സേവനം വഴി എല്ലാ ജില്ലകളിലും ഡോക്ടർമാരെ നിയമിക്കുകയും ചെയ്തു. ആവശ്യമുള്ള ഡോക്ടർമാർ കേരളത്തിൽ ലഭ്യമായതിനാലും പി.എസ്.സി ലിസ്റ്റ് നിലവിലുള്ളതിനാലും, സർക്കാരിലെ ശമ്പള നിരക്ക് കമ്പോള നിരക്കിനേക്കാൾ ഉയർന്നതായതിനാലും ജെനറലിസ്റ്റ് ഡോക്ടർമാർക്ക് നിർബന്ധിത സേവനം നടപ്പാക്കേണ്ട സാഹചര്യം നിലവിലില്ല. സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ നിർബന്ധിത സേവനം തുടരുന്നതാണ്.

സെക്ഷൻ ഓഫീസർ